

# നോമ്പ് അഞ്ചാം ശനി (മത്താ 17:1-9)

സ്വയം ശൂന്യനാക്കി ഈ ഭൂമിയിൽ മനുഷ്യവതാരം ചെയ്ത പാപമോചകനായ ഈശോമിശിഹാ മഹത്വത്തിന്റെ പൂർണ്ണതയാണെന്ന് ഇന്നത്തെ സുവിശേഷം വ്യക്തമാക്കുന്നു (മത്താ 17:1 9). ഈശോയുടെ മഹത്വം മനുഷ്യർക്കു മനസ്സിലാക്കാൻ കഴിയാത്തതുകൊണ്ടാണ് അവർ അവനെ കുരിശിൽ തറച്ചത് (1 കോറി 2:8).

എങ്ങനെയാണ് ഈശോയുടെ മഹത്വം ഒരുവനു മനസ്സിലാക്കാൻ കഴിയുന്നത്? ഇതിന് ആത്മാവിന്റെ വെളിപ്പെടുത്തൽ അനിവാര്യമാണ് (1 കോറി 2:5). ബുദ്ധികൊണ്ടുള്ള അറിവല്ല ഈശോയെ മനസ്സിലാക്കാൻ ആവശ്യം, മറിച്ച് ദൈവികജ്ഞാനമാണ് നമുക്കു വേണ്ടത്. പലപ്പോഴും ഈശോയെയും ഈശോയുടെ പ്രബോധനങ്ങളെയും ശരിയായി മനസ്സിലാക്കാൻ കഴിയാത്തത് ദൈവികജ്ഞാനം നമുക്ക് ഇല്ലാതെ പോകുന്നത് കൊണ്ടാണ്.

ദൈവികജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ വേണം ഈശോയുടെ ദിവ്യരഹസ്യങ്ങളെ സമീപിക്കേണ്ടത് എന്നു വ്യക്തമാക്കുന്നുണ്ട് മാർ നെസ്തോറിയസിന്റെ കൂദാശക്രമത്തിൽ മ്ശംശാന നൽകുന്ന ഒരു ആഹ്വാനത്തിൽ: “ബുദ്ധിയുടെ ദീപ്തയായ നേത്രങ്ങൾ കൊണ്ടും മനസ്സിന്റെ നിർമ്മലമായ ചിന്തകൾകൊണ്ടും നമ്മുടെ രക്ഷകനായ മിശിഹായുടെ ശാന്തതയും എളിമയും അനുസരണവും നിങ്ങൾ ദർശിക്കുവിൻ. സ്ലീവായിലെ തന്റെ കഠിനമായ പീഡാനുഭവത്തിനായി ആനയിക്കപ്പെടുന്ന ഏകജാതനെ നിങ്ങൾ സൂക്ഷിച്ചു വീക്ഷിക്കുവിൻ.” മിശിഹായുടെ പീഡാനുഭവവും കുരിശുമരണവും മഹത്വപൂർണ്ണമായ ഉത്ഥാനവും അനുസ്മരിക്കുന്ന നാം ദൈവികജ്ഞാനത്താൽ നിറയാൻ പ്രാർഥിക്കാം.

തയ്യാറാക്കിയത്,
ഫാ.ജേക്കബ് കിഴക്കേവീട്
02-04-2022

സീറോമലബാർ ആരാധന ക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്, കാക്കനാട്

Read more: wwwsyromalabarliturgy.org